**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **23-08-2022 - ൽ മറുപടിയ്ക്ക്**

**എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര എസ്.പി.സി. യൂണിറ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി 197 എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര സ്കൂളുകൾക്കാണ് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ; | (ബി) | ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ അനുവദിക്കാവുന്ന സ്കൂളുകളുടെ എണ്ണം നിലവിൽ നിജപ്പെടുത്തിയിട്ടില്ല. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും ജില്ലാ നോഡൽ ഓഫീസറുടെ റിപ്പോർട്ടും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും പരിഗണിച്ചാണ് ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്. |
| (സി) | എസ്.പി.സി. ട്രെയിനിംഗിനുവേണ്ടി ഹോം ഗാർഡുകളെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീരുമാനിച്ചിട്ടില്ല |
| (ഡി) | കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | 2022-23 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുവാനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ